



# ടച്ച് മീ

TOUCH ME

ഫെബ്രുവരി 2026


Wedded on
3rd JAN. 2026
AJ
ANN TRESSA
D/o. Mrs. Seema & Mr. Pearlju Chungath
Chungath House
Nehru Nagar 11, Kunnamkulam
JOHN
S/o. Mrs. Liza Joseph & Mr. V.L. Joseph
Vadakekalam House
Alappuzha
Sharing the happiness : Beven Pearlju



ESTD : 1747


# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2026 ഫെബ്രുവരി | ലക്കം : 6

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in


ST. SEBASTIAN R.C. CHURCH KUNNAMKULAM ★ESTD: 1747★


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു** -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന മരിയ ഷാജി** -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്** -7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.**-6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.**-6282284467

കൈക്കാരന്മാർ
**കെ.എൽ. ലോയ്ഡ്** 89212 45453
**വർഗ്ഗീസ് ആന്റണി** 75599 69881
**ജോഫി ജോസഫ്** 98471 22268


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വിശ്വാസപരിശീലനം | 7 |
| At The Feet of Jesus | 8 |
| സഭാവാർത്തകൾ | 9 |
| തിരിഞ്ഞുനോട്ടം | 11 |
| വഴിവിളക്ക് | 12 |
| ഇടവകദിനവും കുടുംബ... | 13 |
| നിശ്ചലമായ ഹൃദയം | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| പോളിസ്റ്റിക് ഓവറിയും... | 17 |
| ബൈബിളിലൂടെ | 19 |
| സംഘടനാ വാർത്തകൾ | 21 |
| ജൂനിയർ സി.എൽ.സി. | 24 |
| ഇടവക ആൽബം | 25 |
| നിറംകൊടുക്കാമോ | 29 |
| മിഴിവിളക്ക് | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

നോമ്പുകാലം ആത്മപരിശോധനയുടെയും ആത്മീയ പുതുക്കലിന്റെയും വിശുദ്ധ യാത്രയാണ്. ഭക്ഷണനിയമങ്ങളിലേക്കോ ആചാരാനുഷ്ഠാനങ്ങളിലേക്കോ മാത്രം ചുരുക്കപ്പെടേണ്ടതല്ല ഈ കാലഘട്ടം; മറിച്ച് മനുഷ്യന്റെ ഉള്ളിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. ദൈവത്തോടുള്ള ബന്ധം പുതുക്കാനും സഹജീവികളോടുള്ള ഉത്തരവാദിത്വം വീണ്ടും തിരിച്ചറിയാനും ഈ ദിനങ്ങൾ നമ്മെ വിളിക്കുന്നു.

നോമ്പ് എന്നത് ഉപവാസം മാത്രമല്ല, അത് സ്വയംനിയന്ത്രണത്തിന്റെ അഭ്യാസമാണ്. ശരീരത്തെ മാത്രമല്ല, മനസ്സിനെയും ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും ശുദ്ധീകരിക്കുന്ന ഒരു പ്രക്രിയ. അനാവശ്യ ആഗ്രഹങ്ങൾക്കും അഹങ്കാരത്തിനും സ്വാർത്ഥതയ്ക്കും "വിരാമം" കുറിച്ച്, സ്നേഹത്തിനും ക്ഷമയ്ക്കും കാരുണ്യത്തിനും കൂടുതൽ ഇടം നൽകുന്ന കാലം. ഇന്ന് മനുഷ്യൻ നേരിടുന്ന അനേകം പ്രതിസന്ധികളുടെ വേരുകൾ ആത്മീയ ശൂന്യതയിലാണെന്ന് തിരിച്ചറിയാൻ നോമ്പുകാലം നമ്മെ സഹായിക്കുന്നു.

സമൂഹത്തിന്റെ പശ്ചാത്തലത്തിൽ നോമ്പുകാലത്തിന്റെ പ്രസക്തി അതീവ ഗൗരവമുള്ളതാണ്. അസമത്വങ്ങളും അവഗണനയും വർധിക്കുന്ന ഈ കാലത്ത്, നോമ്പ് നമ്മെ പങ്കിടലിന്റെ പാഠം പഠിപ്പിക്കുന്നു. നമ്മൾ ഉപേക്ഷിക്കുന്ന ഒരു ഭക്ഷണവും ഒരു സൗകര്യവും, മറ്റൊരാളുടെ ജീവന് ആശ്വാസമാകുമെങ്കിൽ, അതാണ് യഥാർത്ഥ നോമ്പിന്റെ ഫലം. ദാനധർമ്മങ്ങളും സേവനപ്രവർത്തനങ്ങളും നോമ്പുകാലത്തിന്റെ ആത്മാവിനെ സമൂഹത്തിലേക്ക് കൊണ്ടുവരുന്നു.

നോമ്പുകാലം നമ്മെ നിശ്ശബ്ദതയുടെ മൂല്യം പഠിപ്പിക്കുന്നു. തിരക്കേറിയ ജീവിതത്തിന്റെ ശബ്ദകോലാഹലങ്ങളിൽനിന്ന് അകന്ന്, പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും ദൈവസന്നിധിയിൽ നിമിഷങ്ങൾ ചെലവഴിക്കാൻ ഇത് അവസരം നൽകുന്നു. ആ നിശ്ശബ്ദതയിൽ നാം നമ്മുടെ ദൗർബല്യങ്ങളും വീഴ്ചകളും തിരിച്ചറിയുകയും, തിരുത്തലിന്റെ വഴികൾ തേടുകയും ചെയ്യുന്നു. അതുവഴി ഒരു പുതുമയുള്ള മനുഷ്യനായി മാറാനുള്ള കരുത്ത് നമുക്ക് ലഭിക്കുന്നു.

കുരിശിലേക്കുള്ള യാത്രയും പുനരുത്ഥാനത്തിന്റെ പ്രത്യാശയും നോമ്പുകാലത്തിന്റെ കേന്ദ്രബിന്ദുവാണ്. വേദനയിലൂടെയും ത്യാഗത്തിലൂടെയും മാത്രമേ യഥാർത്ഥ ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനാകൂ എന്ന സന്ദേശം ഈ കാലം ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് തന്നെ, നോമ്പുകാലം ദുഃഖത്തിന്റെ കാലമല്ല, പ്രത്യാശയുടെ കാലമാണ്; പുതുജീവിതത്തിലേക്കുള്ള ഒരുക്കത്തിന്റെ കാലം.

ഈ നോമ്പുകാലത്ത്, ആചാരങ്ങളുടെ പുറംചട്ടകൾക്കപ്പുറം കടന്ന്, ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരു മാറ്റം സംഭവിക്കട്ടെ. നമ്മുടെ ജീവിതത്തിൽ സ്നേഹവും നീതിയും സമാധാനവും വളരട്ടെ. അപ്പോൾ മാത്രമേ നോമ്പുകലത്തിൽ നമ്മിൽ യഥാർത്ഥ ഫലം കായ്ക്കൂ; അതാണ് പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് നമ്മെ നയിക്കുന്ന വഴിയും.

ടച്ച് മീ
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

എല്ലാവരും ഉപവസിച്ചൊരു ദിവസം "എനിക്കു വിശക്കുന്നേ" എന്ന് പറഞ്ഞ് കരഞ്ഞ സഹോദരനോട് ഭക്ഷണം കഴിക്കാൻ പറയുന്ന ഫ്രാൻസീസ് ഓർമ്മയിൽ വന്നു. അസ്സീസിയിലെ വി. ഫ്രാൻസീസ് അയാളുടെ വിശപ്പുമാത്രമല്ല, അഭിമാനം നഷ്ടമാകരുതെന്നുകൂടി ഫ്രാൻസീസ് ചിന്തിച്ചു. എല്ലാവരുടേയും ഉപവാസം അവസാനിപ്പിച്ച് അയാളോടൊപ്പം ഇരുന്നു ഭക്ഷിച്ചു.

ഒരു ഉപവാസവും ഈ ചെറിയ വിരുന്നിനൊപ്പം എത്തുന്നില്ല. "എന്തെങ്കിലും തരണേ" എന്നു പറഞ്ഞു കൈനീട്ടിയ സ്ത്രീയോട് ഒന്നുമില്ലെന്ന് പറയാതെ വേദപുസ്തകം നൽകി മടക്കി അയച്ചതും ഓർമ്മിക്കുന്നു. വചനം വിറ്റ് കാശാക്കാനാണ് ഫ്രാൻസീസ് ആ സ്ത്രീയോട് പറഞ്ഞത്. ഒരാദ്ധ്യാത്മികതയും ഇതനോടൊപ്പമെത്തുന്നില്ല.

**മനഃപാഠമാക്കാൻ**

"കാരുണ്യം കാണിക്കാത്തവന്റെ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെ മേൽ വിജയം വരിക്കുന്നു"

(യാക്കോബ് 2:13)

"കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്കു കരണ ലഭിക്കും"

(വി. മത്തായി 5:7)

*ഏവർക്കും കരുണാമയനായ തമ്പുരാന്റെ അനുഗ്രങ്ങൾ നേർന്നുകൊണ്ട്*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

**ഫെബ്രുവരി 3 ചൊവ്വ : കപ്പേളയിൽ ലദീഞ്ഞ് & നൊവേന**

06.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന

**ഫെബ്രുവരി 6 വെള്ളി : മൂന്നാം വെള്ളിയാചരണം & മാസാദ്യ വെള്ളി**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : ആരാധന, കുമ്പസാരം & കരുണകൊന്ത

06.00 pm : വി. കുർബാന, തിരുഹൃദയ പ്രതിഷ്ഠ, ലദീഞ്ഞ് & നൊവേന & നേർച്ചവിതരണം.

**ഫെബ്രുവരി 7 ശനി : കപ്പേളയിൽ ലദീഞ്ഞ് & നൊവേന**

06.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന

**ഫെബ്രുവരി 8 ഞായർ : തിരുബാലസഖ്യദിനം, പതാകവന്ദനം & വിശ്വാസപരിശീലന വാർഷിക പരീക്ഷ**

09.00 am : തിരുബാലസഖ്യ പതാകവന്ദനം & കൃതജ്ഞതാബലി

10.30 am : തിരുബാലസഖ്യദിന വാർഷിക പൊതുയസമ്മേളനം, കുടുംബസംഗമം, ആദരണീയം, പ്രകാശനം, സമ്മാനവിതരണം, അവാർഡ് വിതരണം & സ്നേഹവിരുന്ന് (നേതൃത്വം : തിരുബാലസഖ്യം)

02.00 pm : വിശ്വാസപരിശീലന വാർഷിക പരീക്ഷകൾ, ക്ലാസ്സ് : X, XI, XII & ACC

**ഫെബ്രുവരി 11 ബുധൻ : ലൂർദ്ദ് മാതാവിന്റെ തിരുനാൾ & രോഗിദിനം**

06.30 am : തിരുനാൾ കുർബാന, സന്ദേശം, നൊവേന & നേർച്ചവിതരണം (നേതൃത്വം : ജൂനിയർ സി.എൽ.സി.)

05.30 pm : രോഗി സന്ദർശനം ( നേതൃത്വം : ജൂനിയർ സി.എൽ.സി.)

**ഫെബ്രുവരി 13 വെള്ളി : നാലാം വെള്ളിയാചരണം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : ആരാധന, കുമ്പസാരം & കരുണകൊന്ത

06.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം.

**ഫെബ്രുവരി 15 ഞായർ : സമുദായ ശാക്തീകരണ വർഷം 2026 ഉദ്ഘാടനം & വിശ്വാസപരിശീലന വാർഷിക പരീക്ഷ & നൈറ്റ് വീജിൽ - കുമ്പസാരം**

06.00 am : വി. കുർബാന & സമുദായ ശാക്തീകരണ വർഷ ഉദ്ഘാടനം

02.00 pm : വിശ്വാസപരിശീലന വാർഷിക പരീക്ഷകൾ ക്ലാസ്സ് : I, III, V, VIII & IX

05.00 pm : കുരിശിന്റെ വഴി, കുരിശിന്റെ സന്ദേശം, കുമ്പസാരം & നൈറ്റ് വീജിൽ (നേതൃത്വം : സെന്റ് ജോസഫ് കുടുംബകൂട്ടായ്മ & ജീസസ് യൂത്ത്)

**ഫെബ്രുവരി 16 തിങ്കൾ : വിളതിരുനാൾ, വലിയനോമ്പ് ആരംഭം & കരുശോത്സവ ആരംഭം & കരികുറി കിറ്റ് - പരിത്യാഗ ചെപ്പ് വിതരണം**

05.30 am : തിരുരക്ത സമർപ്പണം (നേതൃത്വം : അൾത്താരസംഘം)
05.45 am : തിരുമുഖ സമർപ്പണം (നേതൃത്വം : ജൂനിയർ സി.എൽ.സി.)
06.00 am : നോമ്പുകാല കാരുണ്യ ബോക്സ് (നേതൃത്വം : തിരുബാലസഖ്യം)
06.15 am : തിരുരക്ത സമർപ്പണം (നേതൃത്വം : അൾത്താരസംഘം)
06.30 am : വിളതി തിരുകർമ്മങ്ങൾ, വി.കുർബാന, കുരിശോത്സവ ആരംഭം & കരികുറികിറ്റ് - പരിത്യാഗ ചെപ്പ് വിതരണം.

(**NB** : * വലിയനോമ്പിലെ ചൊവ്വാഴ്ചകളിൽ രാവിലെ വി. കുർബാനക്ക് ശേഷം ആരാധനയോടെ തിരുമുഖ ജപമാല ഉണ്ടായിരിക്കും.
* വലിയ നോമ്പിലെ വെള്ളിയാഴ്ചകളിൽ വൈകീട്ട് 5.30ന് ആരാധനയോടെ തിരുരക്ത ജപമാലയും ഉണ്ടായിരിക്കും.
* വലിയ നോമ്പിലെ വെള്ളിയാഴ്ചകളിൽ വൈകീട്ട് 7ന് പാലയൂരിലേക്ക് ജാഗരണ പദയാത്ര ഉണ്ടായിരിക്കും.

**ഫെബ്രുവരി 20 വെള്ളി : അഞ്ചാം വെള്ളിയാചരണം & ജാഗരണ പദയാത്ര**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : ആരാധന, കുമ്പസാരം, കരുണകൊന്ത & തിരുരക്ത ജപമാല
06.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം
07.00 pm : ജാഗരണപദയാത്ര (നേതൃത്വം : അൾത്താരസംഘം & തിരുബാലസഖ്യം)


**ഫെബ്രുവരി 22 ഞായർ : നോമ്പുകാല ബോധവൽക്കരണ ലഘുലേഖ പ്രകാശനം & വിശ്വാസ പരിശീലന വാർഷിക പരീക്ഷ & തണൽ മരം**

06.00 am : വി. കുർബാന & നോമ്പുകാല ബോധവൽക്കരണ ലഘുലേഖ പ്രകാശനം (നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)
08.15 am : തണൽമരം - നേഴ്സറി മുതൽ 9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് (നേതൃത്വം : യൂത്ത് സി.എൽ.സി.)
02.00 pm : വിശ്വാസ പരിശീലന വാർഷിക പരീക്ഷ ക്ലാസ്സ് : നഴ്സറി, II, IV, VI & VIII
04.00 pm : തണൽമരം : X, XI, XII മറ്റ് ഉയർന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് (നേതൃത്വം : യൂത്ത് സി.എൽ.സി.)
05.00 pm : കുരിശിന്റെ വഴി, കുരിശിന്റെ സന്ദേശം & ആശീർവാദം (നേതൃത്വം : മേരിമാതാ കുടുംബകൂട്ടായ്മ)

| കുരിശോത്സവം 2026 സമയക്രമം | | |
|---|---|---|
| തിയ്യതി | സമയം | കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 16 & 17 | 6.30 pm | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 23, 24 & 25 | 6.30 pm | മേരിമാത കുടുംബകൂട്ടായ്മ |
| മാർച്ച് 02 & 03 | 6.30 pm | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| മാർച്ച് 04, 09 & 10 | 6.30 pm | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| മാർച്ച് 11 & 16 | 6.30 pm | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| മാർച്ച് 17 & 18 | 6.30 pm | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |

| ഫെബ്രുവരി മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ | |
|---|---|
| തിയ്യതി | കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 1 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 8 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 15 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 22 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |

| 2025 ചെറിയ നോമ്പ് പരിത്യാഗം | |
|---|---|
| കുടുംബകൂട്ടായ്മ | ആകെ തുക |
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | 5100.00 |
| മേരിമാത കുടുംബകൂട്ടായ്മ | 3850.00 |
| സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ | 7100.00 |
| സെന്റ് തോമസ് കുടുംബകൂട്ടായ്മ | 7500.00 |
| സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ | 5825.00 |
| സെന്റ് സേവ്യർ കുടുംബകൂട്ടായ്മ | 5500.00 |






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയകുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? നമ്മുടെ ആഘോഷങ്ങൾക്ക് തൽക്കാലം അവധി കൊടുക്കേണ്ട സമയമായി. ക്രിസ്തുമസ്, നവവത്സരം, തിരുനാൾ മഹോത്സവം, ഇടവകദിനം എന്നിവയെല്ലാം ഏറ്റവും മോടിയായി നമ്മൾ ആഘോഷിച്ചു. എല്ലാം നന്നായി നടത്താൻ അനുഗ്രഹിച്ചതിന് സർവ്വശക്തനായ ദൈവത്തിന് നന്ദിപറയാം.

ഇനി വരുന്നത് അതിപ്രധാനമായ കാര്യങ്ങളാണ്. ഒന്നാമത്തേത് നോമ്പുകാലം, പരിത്യാഗത്തിന്റേയും പ്രാർത്ഥനയുടേയും കാലത്തേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണ്. ഏറ്റവും ശുദ്ധമായ മനോഭാവത്തോടെ നമുക്ക് നോമ്പുകാലത്തെ സ്വീകരിക്കാം. നോമ്പിന് അനുരൂപമായ ജീവിതശൈലി സ്വീകരിക്കാം.

അതോടൊപ്പം തന്നെ നമ്മുടെ വാർഷിക പരീക്ഷ ഈ മാസമാണെന്ന കാര്യം. ഓർമ്മിപ്പിക്കേണ്ട ആവശ്യമില്ല. നമുക്കെല്ലാം അറിയാവുന്നതുതന്നെ. ഒരു വർഷത്തെ അധ്വാനത്തിന്റെ ഫലം ഇവിടെയാണ് നമ്മൾ അറിയുന്നത്. നമ്മുടെ പഠനത്തിന്റേയും കലാകായിക മികവിന്റേയും ആകെത്തുകയായ നേട്ടമാണ് നമ്മൾ കാത്തിരിക്കുന്നത്. പാഠഭാഗങ്ങൾ ഒന്നുകൂടി മറിച്ചുനോക്കുന്ന തിരക്കിലായിരിക്കും എല്ലാവരും. അതോടൊപ്പം പ്രാർത്ഥനയും പാലിക്കാൻ മറക്കരുത്.

സ്നേഹത്തോടെ
ലില്ലി ടീച്ചർ

## വിശ്വാസ പരിശീലന വാർഷിക പരീക്ഷ - സമയക്രമം

| | | |
|---|---|---|
| 2026 ഫെബ്രുവരി 08 | 2 pm - 4 pm | Std : X, XI, XII, ACC |
| 2026 ഫെബ്രുവരി 15 | 2 pm - 4 pm | Std: I, III, V, VII, IX |
| 2026 ഫെബ്രുവരി 22 | 2 pm - 4 pm | Std: II, IV, VI, VIII |

# AT THE FEET OF JESUS



Joyce Thomson

"She sat Lord's feet and listened to His teachings" : (Luke 10:39). This exhorts us how important is listening to God. In this context, Martha was busy serving the guest and at the same time she complained about Mary for not helping in household chores. But Lord answered her "Martha, you are worried over so many things, but just one is needed and Mary has chosen the right thing and it will not be taken away from her". Likewise many of us are doing things for Jesus. But the one thing we need, is to 'listening to God'. Most of us are stuck in the lowest grade of prayer ie. routine prayer. We pray twice in the morning and in the evening. We start and end the prayer because it is routine for us. Our heart is not in the prayer. No doubt, we all go to the next level of prayer ie. request prayer. We are badly in need of temporal things, that we pray continually to snatch it from God. Most of us are stuck in such prayers. But we must rise to the next level of prayer. When we fall in love with someone, we spend time with them, without any force. And our relationship grows. Likewise there is higher level of prayer, that we cannot but spend time with our loving God.

"The true worshippers worship in spirit and truth" (John: 4: 23-24). This worship never comes from outward rituals. It is the heartfelt devotion that comes from the innermost self. It is not prayer of performance, but sincere spiritual connection. Of course it is a relationship; as is seen in the "Solomon's Song of songs". Adam, Hanok, Noah, Abraham, Moses, Aaron, Daniel etc. had a genuine relationship with God. How can we acquire this relationship? Holy Spirit will surely lead us to true worship. If we have thirst to attain higher level of prayer, Holy Spirit is the only answer. Anyway one cannot nullify routine prayer and request prayer, which might help us to climb the ladder of prayer. True worshippers are believers who are 'born again' "I am telling you the truth; no one can see kingdom of God unless he is born again": ( John 3:3). Unless there is real passion for God, there is no true worship. So each and every prayer is a spiritual connection between man and God.


Baptism
Evelina Mariyam Danal
D/o. Mr. Danal Paul &
Mrs. Martina Danal
Ayinikkal Nereparambil House
Vallakunnu

# Wedded On
**05th JAN. 2026**




**Prinil Prince**
S/o. Mr. E.V. Prince & Mrs. Saly Prince
Edappully House
Vyssery Bazar, Kunnamkulam

**Fiona Lawrence**
D/o. Mr. Lawrence & Mrs. Shenny Lawrence
Tharakan House
Perakam, Chavakkad



*Sharing Happiness :* ***Prilin Prince***


7th
Happy Birthday
05-02-2026
Darin Antony Dinto
Happy Birthday
Dinto Dominik & Nitha Dinto
Chiriyamkandath House, P.O. Thekkeppuram, Kunnamkulam
BEST WISHES FROM : DADA, AMMA, APPAPPAN, AMMAMMA


1st
Happy Anniversary
09-02-2026
Manjish M. Mani
Anu Sunny
Madathiparambil House
Santhi Nagar
Kunnamkulam



# സഭാ വാർത്തകൾ

**യുഎസ് മെത്രാൻസമിതി പ്രസിഡന്റും പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി വൈറ്റ് ഹൗസിൽ കൂടിക്കാഴ്ച**

വത്തിക്കാൻ സിറ്റി: യുഎസ് മെത്രാൻസമിതി പ്രസിഡന്റ് ആർച്ചുബിഷപ് പോൾ കോക്ലി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി വൈറ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. പ്രസിഡന്റ് ട്രംപിന് പുറമെ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ്, സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എന്നിവരുമായും ആർച്ചുബിഷപ് ആശയവിനിമയം നടത്തി. ഭരണകൂടത്തിനും കത്തോലിക്ക സഭയ്ക്കും ആശങ്കകളുള്ള മേഖലകളും തുടർചർച്ചകൾ ആവശ്യമുള്ള മേഖലകളും ചർച്ചയായതായി മെത്രാൻസമതിയുടെ കുറിപ്പിൽ വ്യക്തമാക്കി. ഒക്ലഹോമ സിറ്റി അതിരൂപത ആർച്ചബിഷപ്പായ പോൾ കോക്ലി 2025 നവംബറിലാണ് യുഎസ് മെത്രാൻ സമിതിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. ചർച്ചകൾ ക്രിയാത്മകമായിരുന്നുവെന്ന് പറഞ്ഞ ആർച്ചുബിഷപ് കൂടുതൽ ചർച്ചകളുണ്ടാകുമെന്നും പ്രത്യാശ പ്രകടിപ്പിച്ചു.

**ടൂറിനിലെ തിരുക്കച്ച ഡിജിറ്റൽ രൂപത്തിൽ ഓൺലൈനിൽ! പുതിയ സംവിധാനം ആദ്യമായി വീക്ഷിച്ച് ലിയോ 14 –ാമൻ പാപ്പ**

വത്തിക്കാൻ സിറ്റി: യേശുവിന്റെ തിരുശരീരം പൊതിഞ്ഞ വസ്ത്രമായി വിശ്വസിക്കപ്പെടുന്ന ടൂറിനിലെ തിരുക്കച്ച ഡിജിറ്റൽ രൂപത്തിൽ ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ലഭ്യമാകും. ജനുവരി 9 –ന് വത്തിക്കാനിലെ അപ്പോസ്തോലിക് കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ ലിയോ 14–ാമൻ മാർപാപ്പ ഈ പുതിയ സംവിധാനം ആദ്യമായി വീക്ഷിച്ചു. ടൂറിൻ ആർച്ചുബിഷപ്പും തിരുക്കച്ചയുടെ സൂക്ഷിപ്പുകാരനുമായ കർദിനാൾ റോബർട്ടോ റെപ്പോളാണ് ഈ പദ്ധതി മാർ

**2026 പാലയൂർ ജാഗരണ പദയാത്ര**

കൺവീനർ
ചുളുവിൽ എൻ.
ഇമ്മാനുവേൽ
✆ 95390 39439





ജോ. കൺവീനർ
അന്തിക്കാട്ട്
ബീന സജി
✆ 96338 03220

പാപ്പയ്ക്ക് മുന്നിൽ അവതരിപ്പിച്ചത്. **avvolti.org, sindone.org** എന്നീ വെബ്സൈറ്റുകൾ വഴി തിരുക്കച്ചയുടെ വിശദാംശങ്ങൾ ഓൺലൈനായി വീക്ഷിക്കാം. തിരുക്കച്ചയുടെ അതിസൂക്ഷ്മമായ വിശദാംശങ്ങൾ പോലും ഹൈ-റെസല്യൂഷനിൽ ഈ വെബ്സൈറ്റുകളിലൂടെ ലഭ്യമാകും. യേശുവിന്റെ മുഖം, മുറിവുകൾ, ക്രൂശീകരണത്തിന്റെ അടയാളങ്ങൾ എന്നിവ വിശദമായി 'സൂം' ചെയ്ത് കാണാവുന്നതാണ്. തിരുക്കച്ചയിൽ പതിഞ്ഞിരിക്കുന്ന ഓരോ ഭാഗവും വിശദീകരിക്കുന്ന കുറിപ്പുകളും ബന്ധപ്പെട്ട ബൈബിൾ ഭാഗങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഫ്രാൻസിസ് അസീസി വർഷാചരണം പ്രഖ്യാപിച്ച് വത്തിക്കാൻ; വർഷത്തിലുടനീളം പൂർണദണ്ഡവിമോചനം നേടാനുള്ള അവസരം**

വത്തിക്കാൻ സിറ്റി: വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 800-ാം മരണ വാർഷികത്തോടനുബന്ധിച്ച് 'വിശുദ്ധ ഫ്രാൻസിസിന്റെ പ്രത്യേക വർഷം' പ്രഖ്യാപിച്ച് വത്തിക്കാൻ. പരിശുദ്ധ സിംഹാസനത്തിന്റെ അപ്പസ്തോലിക്ക് പെനിറ്റൻഷ്യറി ജനുവരി 10-ന് പുറപ്പെടുവിച്ച ഡിക്രിപ്രകാരം 2027 ജനുവരി 10 വരെ നീണ്ടുനിൽക്കുന്ന വർഷാചരണത്തിന്റെ ഭാഗമായി, വിശ്വാസികൾക്ക് പൂർണ ദണ്ഡവിമോചനം നേടാനുള്ള അവസരമുണ്ട്. ഏതെങ്കിലും ഫ്രാൻസിസ്കൻ കൺവെൻഷൻ ദൈവാലയത്തിലോ വിശുദ്ധ ഫ്രാൻസിസ് അസീസിക്ക് പ്രതിഷ്ഠിച്ചിരിക്കുന്ന ഏതെങ്കിലും ആരാധനാലയത്തിലോ തീർത്ഥാടനം നടത്തുകയും കുമ്പസാരിച്ച് വിശുദ്ധ കുർബാനസ്വീകരിക്കുകയും, മാർപാപ്പയുടെ നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് വിശ്വാസികൾക്ക് പൂർണദണ്ഡവിമോചനം നേടാവുന്നതാണ്. കൂടാതെ, പ്രായമായവർക്കും, രോഗികൾക്കും, ഗുരുതരമായ കാരണങ്ങളാൽ വീടുവിട്ട് പുറത്തുപോകാൻ കഴിയാത്ത വിശ്വാസികൾക്കും ജൂബിലി ആഘോഷങ്ങളിൽ ആത്മീയമായി പങ്കുചേർന്നുകൊണ്ടും തങ്ങളുടെ പ്രാർത്ഥനകളും ക്ലേശങ്ങളും ദൈവത്തിന് സമർപ്പിച്ചുകൊണ്ട് പൂർണ ദണ്ഡവിമോചനം നേടാം.

## 2026 സാമുദായിക ശാക്തീകരണ ആചരണം

<u>കൺവീനർ</u>
പൊറത്തൂർ
പള്ളിക്കുന്നത് ജോണി
ടോണി
✆ 95624 62383





<u>ജോ. കൺവീനർ</u>
നിരപ്പേൽ
പുത്തൻപുര
ജിനി ജെയ്മോൻ
✆ 93497 48775



# തിരിഞ്ഞുനോട്ടം

സിസ്റ്റർ ബെൻസി CMC

നോമ്പുകാലം ഒരു തിരിഞ്ഞുനോട്ടത്തിനുള്ള അവസരമാണ്. യേശു 40 ദിനരാത്രങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചത് ദൈവപിതാവ് ഏല്പിച്ച ദൗത്യം നിറവേറ്റുന്നതിനുള്ള ശക്തി ലഭിക്കുന്നതിനായിരുന്നു. നമുക്കും ഈ നോമ്പും ഉപവാസത്തിനും വലിയ ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. ഭക്ഷണ പദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നതിൽ മാത്രം സംതൃപ്തിപ്പെടുന്ന ഒരു ക്രിസ്ത്യാനിയായി മാറരുത്. മറിച്ച് 2026ലെ നോമ്പുകാലം ഈശോയിലേയ്ക്ക് അല്പംകൂടി വളരുവാൻ, ഈശോയുടെ സ്നേഹത്തിൽ അല്പംകൂടി ആഴപ്പെടാൻ ഈശോയിലുള്ള വിശ്വാസം അല്പംകൂടി ദൃഢപ്പെടുത്താൻ കഴിയുന്നതാകണം. തിരിഞ്ഞുനോട്ടം ഇന്നലകളിലെ എന്റെ ജീവിതത്തിലേയ്ക്കും എത്തിനോട്ടം നാളെയുടെ ജീവിതത്തിലേക്കുമായാൽ ഇന്നിന്റെ ജീവിതം മനോഹരമായ ഈ നേട്ടങ്ങളുടെ പ്രതിഫലനമായിരിക്കും.

വി. കുർബ്ബാനയിലെ എന്റെ പങ്കാളിത്തവും കൂദാശകളോടുള്ള എന്റെ സമീപനവും സജീവമായാൽ കുടുംബപ്രാർത്ഥന കൂട്ടായ്മയിലും കുടുംബങ്ങൾ സൗഹൃദത്തിലുമാകും. എന്റെ കുടുംബം ഒരു ദേവാലയമായി മാറണമെങ്കിൽ ഓരോ അംഗത്തേയും പരസ്പരം ശ്രേഷ്ഠരായി കരുതണം. അപ്പോൾ ഞാൻ നിനക്കുവേണ്ടി എന്ന മനോഭാവം ഓരോരുത്തരിലും നിറഞ്ഞുനിൽക്കുകയും പരസ്പരം പ്രശ്നങ്ങളില്ലാതെ, പരാതികളും പരിഭവങ്ങളുമില്ലാതെ സ്നേഹത്തിന്റെ അന്തരീക്ഷം അലയടിച്ചുയരും. അവിടെ ദൈവം വസിക്കും. എന്നിലും നിന്നിലും വസിക്കുന്ന ദൈവം നമ്മുടെ ഭവനത്തിലും വസിക്കും.

പരിത്യാഗ പ്രവർത്തികളിലൂടെ നമ്മിലെ ദുഷ്ടതകൾ ഇല്ലായ്മ ചെയ്യാൻ ശ്രദ്ധിക്കുമ്പോൾ ഈ നോമ്പുകാലം ഫലവത്തായി. മറ്റുള്ളവരെ വിധിക്കുകയും വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന സ്വഭാവത്തിൽ നിന്നും പുറത്തുകടക്കുവാൻ ഈ ദിനങ്ങളിൽ മറ്റുള്ളവരെകുറിച്ച് നന്മചിന്തിക്കുവാൻ ശ്രമിക്കുക. ചിന്തയാണല്ലോ എല്ലാ പ്രവർത്തനങ്ങളുടേയും ആരംഭം. അങ്ങനെ എല്ലാ പ്രകാരത്തിലും ദൈവത്തിന് യോജിച്ച പ്രവർത്തനങ്ങളും ജീവിത ശൈലികളും സ്വന്തമാക്കാൻ ഈ നോമ്പുകാലംവഴി സാധിച്ചാൽ ഈ തിരിഞ്ഞുനോട്ടം ജീവിതത്തിന്റെ വഴിത്തിരിവായി മാറും. അനുഗ്രഹീതമായ ഒരു തിരിഞ്ഞുനോട്ടം ഏവർക്കും സാധ്യമാകട്ടെ എന്ന് ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു.

## വഴിവിളക്ക്

# പത്ത് കല്പനകൾ വിശുദ്ധ ലിഖിതത്തിൽ

പത്തു കല്പനകൾ ഒന്നാമതായി മനസ്സിലാക്കേണ്ടത് പഴയ ഉടമ്പടിയുടെ കേന്ദ്രമായി ദൈവം നടത്തുന്ന മഹത്തായ വിമോചന സംഭവമായ പുറപ്പാടിന്റെ പശ്ചാത്തലത്തിലാണ്. അത് ഒരു ജീവിതപാതയാണ്.

"നീ നിന്റെ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ മാർഗ്ഗങ്ങളിൽ ചരിക്കുകയും അവിടുത്തെ കല്പനകളും ചട്ടങ്ങളും അനുശാസനങ്ങളും പാലിക്കുകയും ചെയ്താൽ നീ ജിവിക്കും. അവിടുന്ന് നിന്നെ വർദ്ധിപ്പിക്കും" (നിയമാ. 30:16)

"കല്പനകൾക്ക് അവയുടെ പൂർണ്ണമായ അർത്ഥം ലഭിക്കുന്നത് ഉടമ്പടിക്കുള്ളിലാണ്. മനുഷ്യന്റെ ധാർമ്മിക ജീവിതത്തിന് അതിന്റെ മുഴുവൻ അർത്ഥവും കൈവരുന്നത് ഉടമ്പടിയിലും ഉടമ്പയിലൂടെയുമാണ്." (സി.സി.സി. 2061)

**ചിന്താവിഷയം**

1. വി. ലിഖിതത്തിൽ പത്തുകല്പനകൾ എങ്ങനെ സ്വാധീനിക്കപ്പെടുന്നു? ആധുനിക ലോകത്തിൽ പത്തുകല്പനകൾക്കുള്ള പ്രസക്തിയെന്ത്?
2. കർത്താവിന്റെ സ്നേഹം പഴയനിയമത്തിലും പുതിയ നിയമത്തിലും പ്രകടമാകുമ്പോൾ പത്തുകല്പനകൾക്കുള്ള പങ്ക് എന്ത്?

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



## അനുമോദനങ്ങൾ

ഡിസംബർ മാസത്തിൽ ഇടവകയിലെ
മിക്ച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**പുന്നത്തുകുളം ജോൺപോൾ ഗ്രേസൻ ലോലാക്കിന്**
*ഇടവകയുടെ*
*അനുമോദനങ്ങൾ*

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഇടവക ദിനവും
# കുടുംബകൂട്ടായ്മ സംയുക്ത വാർഷികവും
# ജൂബിലി വർഷ സമാപനവും




കുന്നംകുളം : കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക ദിനവും , കുടുംബകൂട്ടായ്മ സംയുക്ത വാർഷികവും, ജൂബിലി വർഷ സമാപനവും കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക ദിനവും, കുടുംബകൂട്ടായ്മ സംയുക്ത വാർഷികവും 2026 ജനുവരി 18 ഞായറാഴ്ച വൈകീട്ട് 6 മണിക്ക് ചിറളയം ഹോളിചൈൽഡ് സ്കൂൾ അങ്കണത്തിലെ ഓപ്പൺ സ്റ്റേജിൽ മെൽബൺ രൂപത എമിരറ്റസ് ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ഉൽഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാദർ ഡെയ്സൻ മുണ്ടോപുറം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, ബഹു. കുന്നംകുളം മുൻസിപ്പൽ ചെയർപേഴ്സൻ ശ്രീമതി. സൗമ്യ അനിലൻ മുഖ്യപ്രഭാഷണം നടത്തി.

ദേവാലയ ഗീതങ്ങളുടെ പ്രകാശനം , കൈക്കാരൻ വർഗ്ഗീസ് ആലപ്പാട്ടിനും, കൈ എഴുത്ത് പ്രതിയുടെ പ്രകാശനം കൈക്കാരൻ കെ.എൽ. ലോയഡിനും, 2026 അജപാലനപദ്ധതിയുടെ പ്രകാശനം കൈക്കാരൻ ജോഫി ജോസഫിനും നൽകി കൊണ്ട് എമിരറ്റസ് ബിഷപ് മാർ ബോസ്കോ പുത്തൂർ നിർവഹിച്ചു.

ജൂബിലി വർഷ സ്മരണയുടെ പ്രകാശനം കൈക്കാരൻ വർഗ്ഗീസ് ആലപ്പാട്ടിനും, മാർ ജേക്കബ് മെമ്മോറിയൽ നേത്രദാനസമ്മതപത്രം ഐ.എഫ്.എ. സെക്രട്ടറി വി.സി. ജോസിക്കും നൽകി കൊണ്ട് ബഹു. കുന്നംകുളം നഗരസഭ ചെയർപേഴ്സൻ ശ്രീമതി. സൗമ്യ അ

നിലൻ നിർവഹിച്ചു.

കുന്നംകുളം മുൻസിപ്പൽ വാർഡ് കൗൺസിലർ ജിഷബേബി, ചിറളയം ഹോളി ചൈൽഡ് കോൺവെന്റ് സുപ്പീരയർ സിസ്റ്റർ ബെൻസി സിഎംസി, കുടുംബകൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപനസമിതി കൺവീനർ സി.ഒ. ആന്റണി, തിരുനാൾ തിരുനാൾ ജനറൽ കൺവീനർ ജോപോൾ വി. ആലപ്പാട്ട് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

സംസ്ഥാന-ജില്ല തലത്തിലും, കെ.സി.ബി.സി അതിരൂപത തലത്തിലും അവാർഡ് നേടിയവരെയും, തൃശൂർ അതിരൂപത ജൂനിയൽ സി.എൽ.സി. ബെസ്റ്റ് മോഡൽ യൂണിറ്റ് ആയി തെരഞ്ഞെടുത്ത നമ്മുടെ സംഘടന അംഗങ്ങളേയും, തൃശൂർ അതിരൂപതയിലെ എച്ച്.സി. മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത സംഘടനാംഗങ്ങളേയും, തൃശൂർ അതിരൂപതയിലെ എ.ബി.എ. മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത സംഘടനാംഗങ്ങളേയും, തൃശൂർ അതിരൂപതയിലെ ജൂനിയർ സി.എൽ.സി. ബെസ്റ്റ് ആനിമേറ്ററായി തെരഞ്ഞെടുത്ത സിസ്റ്റർ റെജി തെരേസിനേയും, 2025 ഇടവക ബെസ്റ്റ് മിഷൻ കളക്ഷൻസ് അവാർഡ് നേടിയ സെന്റ് ജോസഫ് കുടുംബകൂട്ടായ്മ അംഗങ്ങളേയും, കൂടാതെ ഇടവകയിൽ മറ്റു മേഖലകളിൽ മികവു തെളിയിച്ചവരേയും പ്രസ്തുത യോഗത്തിൽ ആദരിച്ചു.

യോഗത്തിൽ പാക്ട് സമിതി കൺവീനൽ എം.എൽ. മാണി സ്വാഗതവും, കൈക്കാരൻ വർഗീസ് ആലപ്പാട്ട് നന്ദിയും പറഞ്ഞു.

പൊതുയോഗത്തിനും സ്നേഹവിരുന്നിനും ശേഷം നമ്മുടെ ഇടവകയിലെ 100 ൽ പരം കലാകാരൻ അണിനിരന്ന റവ. ഫാദർ ഫിജോ ആലപ്പാടൻ സംവിധാനം ചെയ്ത സൈന്യാധിപൻ എന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ പൂർണ്ണചരിത്രം ഉൾക്കൊള്ളുന്ന നാടകം വേദിയിൽ അരങ്ങേറി.



**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്**

**2025 ബെസ്റ്റ് അൾത്താരബാലനായി തെരഞ്ഞെടുത്ത**

**തെക്കേക്കര ലിയോൺ & അനി മകൻ**

**ലെവിൻ ലിയോണിന്**

ഇടവക സമൂഹത്തിന്റെ

**അഭിനന്ദനങ്ങൾ**



# നിശ്ചലമായ ഹൃദയം

**സ്നേഹ ലോയ്ഡ്**

സ്നേഹമെന്ന് തോന്നിയതല്ലാതാകുമ്പോൾ
മണൽതരികൾ പോലും ചിതറി ചാരമാകും
ആരുമില്ലെന്ന് മനസ്സോതുമ്പോൾ
ഞാൻ തന്നെ എനിക്കാശ്വാസമാകും
കാലം പലതും ഓർമ്മിപ്പിക്കുന്ന നേരം
പതിയെ മറവിയെന്ന രോഗം കാർന്നുതിന്നും

മറുപടിയില്ലെന്ന ചോദ്യത്തിനപ്പുറം
മറ്റുവാക്കുപറയുവാൻ ആരുമില്ല
ആരുമില്ലാത്തതിൽ വേദന ഞാനിന്നു-
മാർദ്രമാം രാവിലെ പണിതുയർത്തി
എന്നാലുമിന്നു ഞാൻ അറിയിന്നുമെ
ന്നുടെ വാക്കുകൾക്കുള്ളിലെ മൂർച്ച ഭാവം

മനസ്സിനെ പറഞ്ഞ് പഠിപ്പി-
ക്കുവാനായ്, ഏക മനസ്സായി നിറഞ്ഞുനിന്നു
ആരോ വിരൽമീട്ടി മാടി വിളിക്കുന്നപോ
ലെൻ മനസ്സിന്റെ നൊമ്പരങ്ങൾ
ഓരോന്നായ് എണ്ണിയെണ്ണി നോട്ടങ്ങു
പൊരുളടങ്ങിയ അനുഭവങ്ങൾ

ഇന്നു വരുമെന്ന വീക്ഷണത്തിൽ
ഞാൻ താനെ മയങ്ങിയും ശാന്തതയിൽ
കാത്തിരിപ്പൂ... ഞാൻ ആ ദിവസം താൻ
എന്നുടെ ദുഃഖങ്ങൾ മാറിടാനായ്
നിദ്രയിൽ വീഴുന്നതിൻ സമയം
ഞാനന്നേരം എന്നെതന്നെ മറന്നുപോകും

എന്നുമീ നിദ്രയിൽ വീണിടാനാ-
യി ഞാനാഗ്രഹിക്കുന്നു ചിലനേരമെങ്കിലും
എന്നാലുമീ ജീവിതം അതിനനുവദിക്കുന്നി-
ല്ലീ ലേശം പോലും. ആരാകിലുമെന്നി
ലൂടെയൊഴുകുന്ന ചിന്തകൾക്കില്ലൊരു അന്ത്യം പോലും

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ വർഗ്ഗീസ് ആന്റണി സ്വാഗതം പറഞ്ഞു.
2. ഡിസംബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ജൂബിലി വർഷ സമാപന റിപ്പോർട്ട് സെക്രട്ടറി പി.എ. ലില്ലി അവതരിപ്പിച്ചു പാസ്സാക്കി.
4. 2026 സാമുദായിക ശാക്തീകരണ വർഷ ആചരണത്തിന്റെ കൺവീനറായി പൊറത്തൂർ പള്ളിക്കുന്നത്ത് ജോണി ടോണിയേയും, ജോ. കൺവീനറായി നിരപ്പേൽ പുത്തൻപുര ജിനി ജെയ്മോനേയും തെരഞ്ഞെടുത്തു.
5. ജാഗരണ പദയാത്ര കൺവീനറായി ചുളുവിൽ എൻ. ഇമ്മാനുവേലിനേയും ജോ. കൺവീനറായി അന്തിക്കാട് ബീന സജിയേയും തെരഞ്ഞെടുത്തു.
6. കൺസ്ട്രക്ഷൻ കമ്മിറ്റി അവലോകന റിപ്പോർട്ട് രാജു ബി. ചുങ്കത്ത് അവതരിപ്പിച്ചു.
7. കുരിശോത്സവം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികാരിയച്ചൻ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് നൽകി വിശദീകരിച്ചു.
8. കൈക്കാരൻ ജോഫി ജോസഫ് നന്ദി പറഞ്ഞു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 08-02-2026 | 3.00 pm | സെന്റ് ജോസഫ് | **ചുങ്കത്ത് ബേബി ജിജു**<br>(**ഡോ. ജിജു ബേബി ചുങ്കത്ത്**, നെഹ്റുനഗർ, 3rd അവന്യു) |
| 08-02-2026 | 4.00 pm | മേരിമാതാ | **കാക്കശ്ശേരി ചാക്കുണ്ണി മാണി**<br>(**അഡ്വ. കെ.സി. മാണി**, ഇന്ദിരാ നഗർ 1st അവന്യു) |
| 15-02-2026 | 3.00 pm | സെന്റ് ആന്റണീസ് | **ചുങ്കത്ത് ഔസേപ്പ് ഡൊമിനിഗോസ്**<br>(മുനിമടക്ക് സമീപം, കക്കാട്) |
| 15-02-2026 | 4.00 pm | സെന്റ് തോമസ് | **നായ്പുരയിടം അഗസ്റ്റിൻ ജിജു**<br>(ചിറളയം അമ്പലത്തിന് സമീപം) |
| 22-02-2026 | 3.00 pm | സെന്റ് ജോർജ്ജ് | **ചെറുവത്തൂർ യോശുവ ബെന്നി**<br>(അടുപ്പുട്ടി) |
| 22-02-2026 | 4.00 pm | സെന്റ് സേവ്യർ | **വലിയവീട്ടിൽ ഷീജ സണ്ണി**<br>(ചൈതന്യസ്കൂളിന് സമീപം, കുറുക്കൻപാറ) |



Haizel Neveen
S/o. Naveen Raju
& Gilda Naveen
Pallippurath House
Chiralayam - Kunnamkulam
3rd
Happy Birthday
08-02-2026


Wedded on
04-01-2026
Alfred
Jesna
ALFRED
S/o. Mrs. Thabeedha Sunny &
Mr. Sunny Mathew
Thenakkudam House
Cheruvathani, Kunnamkulam
JESNA
D/o. Mrs. Jenny V.J.
& Mr. Johnson C.O.
Chungath House,
Kunnamkulam P.O., Kakkad


Wedded on
09-11-2025
Aleena
Saneesh
D/o Mr. Sabu K. Jose & Mrs. Jainy Sabu
Kizhakkoot House
Kottayil Road, Kunnamkulam
S/o. Mr. C.G. Sunny & Mrs. Sheeba Sunny
Cheeran House
Karichal Road, Pengamuck
Sharing Happiness : Kizhakkoot Family & Cheeran Family



# പോളിസ്റ്റിക് ഓവറിയും വിവാഹവും പോളിസ്റ്റിക് ഓവറി സിൻഡ്രോമും ഭക്ഷണശീലവും

ഡോ. പോൾ സി. റാഫേൽ

വിവാഹ പ്രായമെത്തിയ നൂറു പെൺകുട്ടികളിൽ 25 പേരിലും പൊതുവെ കണ്ടുവരുന്ന അസുഖമാണ് പോളിസ്റ്റിക് ഓവറി സിൻഡ്രോം. ആധുനിക ജീവിത ശൈലിയിൽ വരുന്ന മാറ്റങ്ങളാണ് ഇതിൽ പ്രധാന കാരണം. ചലനരഹിതമായ, വ്യായാമ രഹിതമായ ജീവിതവും ഭക്ഷണ കാര്യങ്ങളിലുണ്ടായ മാറ്റവുമാണ് പലപ്പോഴും ഇത്തരമൊരു രോഗത്തിലേക്ക് വഴിതെളിയിക്കുന്നത്. മൈദയുടേയും പഞ്ചസാരയുടേയും അമിതമായ ഉപയോഗം പോളിസിസ്റ്റിക് ഓവറി സിൻഡ്രോമിന് പ്രധാന വില്ലനായി മാറാറുണ്ട്.

സ്ത്രീകളിൽ രണ്ടു ഹോർമോണുകളാണ് ഉള്ളത്. (പുരുഷന്മാരിൽ ഒരു ഹോർമോൺ മാത്രമേയുള്ളൂ) ഈസ്ട്രജനും പ്രോജസ്ട്രോണും. ഈ രണ്ടു ഹോർമോണുകളും സന്തുലിതമായി നിന്നാൽ മാത്രമേ സ്ത്രീകളിൽ ആർത്തവം കൃത്യമായി നടക്കുകയുള്ളൂ. എന്നാൽ പോളിസിസ്റ്റിക് ഓവറി സിൻഡ്രോമുള്ള സ്ത്രീകളിൽ അണ്ഡവിസർജ്ജനം നടക്കാത്തതിനാൽ പ്രോജസ്ട്രോൺ ഹോർമോണിന്റെ ഉത്പ്പാദനം നടക്കുന്നില്ല. അതുകൊണ്ട് ആർത്തവം വൈകുന്നു.

പ്രോജസ്ട്രോൺ ഗർഭധാരണത്തെ സഹായിക്കുന്ന ഹോർമോൺ ആണ്. പോളിസിസ്റ്റിക് ഓവറിയുള്ള പെൺകുട്ടികളിൽ അണ്ഡവിസർജ്ജനം ഇല്ലാത്തതിനാൽ ഇസ്ട്രജൻ ഹോർമോൺ ഇത്തരം സ്ത്രീ ശരീരത്തിൽ പുരുഷ ഹോർമോണായി മാറ്റപ്പെടുകയും താടി, രോമം, മീശ, മുഖക്കുരു എന്നിവയ്ക്ക് കാരണമായി മാറുകയും ചെയ്യുന്നു.

ഇതൊരിക്കലും മാരകരോഗമല്ല. കൃത്യമായി മരുന്നു കഴിച്ചാൽ പരിഹരിക്കാവുന്ന രോഗം തന്നെയാണ്. അതിൽ പ്രധാനം ശരീരഭാരം അമിതമാകാതെ സൂക്ഷിക്കലും നേരത്തെയുള്ള വിവാഹവുമാണ്.

അതെ, പോളിസിസ്റ്റിക് ഓവറി സിൻഡ്രോമിനുള്ള ചികിത്സയും പ്രതിവിധിയും വിവാഹവും ഗർഭധാരണവുമാണ്. ഒരു യുവതിയുടെ ആദ്യ പ്രവസം 30 വയസ്സിന് മുമ്പായി നടക്കുന്നതാണ്

ഏറ്റവും നല്ലത്. അവളുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്തു മാത്രമല്ല, അണ്ഡവിസർജ്ജനം കൃത്യമായി നടപ്പാക്കാനും പോളി സിസ്റ്റിക് ഓവറി സിൻഡ്രോമിനുള്ള ചികിത്സ ഫലപ്രദമാകാനുള്ള എല്ലാം ഈ പ്രായമാണ് അനുയോജ്യം പ്രായം കൂടുംതോറും ശരീര ഭാരം വർദ്ധിക്കും. ഈ ചികിത്സയുടെ ഫലസാദ്ധ്യത വൈകാനും നീളാനും കാരണമാകും. 25 വയസ്സിന് താഴെ പ്രായത്തിൽ വിവാഹി തരാകുന്ന പോളിസിസ്റ്റിക് ഓവറി സിൻഡ്രോമുള്ള പെൺകുട്ടി കൾക്ക് മരുന്നുവഴി പെട്ടെന്ന് തന്നെ അണ്ഡവിസർജ്ജനം നടത്താൻ കഴിയും.

## വിശുദ്ധ എസ്തപ്പാനോസ്



*സഭയിലെ ആദ്യത്തെ രക്തസാക്ഷിയാണ് വിശുദ്ധ എസ്തപ്പാനോസ്. വിശ്വാസികളുടെ പ്രത്യേക ആദരത്തിനു പാത്രമായിട്ടുള്ള വി. എസ്തപ്പാനോസ് ക്രിസ്തുവിന്റെ മരണത്തിന് രണ്ടു വർഷങ്ങൾക്ക്ശേഷം കല്ലെറിഞ്ഞു കൊല്ലപ്പെടുകയാണ് ഉണ്ടായത്. അപ്പസ്തോലിക പ്രവർത്തനങ്ങളിലെ സൂചനകൾ പ്രകാരം വിശുദ്ധനെ പിടികൂടിയതും അദ്ദേഹത്തിനെതിരായ ആരോപണമുന്നയിക്കലും ക്രിസ്തുവിന്റെ വിചാരണയോട് സമാനമായിരുന്നെന്ന കാര്യം എടുത്ത് കാണിക്കുന്നു. നഗര മതിലിനു പുറത്തു വച്ച് വിശുദ്ധനെകല്ലെറിയുകയും, തന്റെ ഗുരുവിനേപോലെ തന്റെ ശത്രുക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് വിശുദ്ധൻ മരണം വരിച്ചു.*

*അപ്പസ്തോലൻമാരെ സഹായിക്കുവാനും, അവരുടെ സുവിശേഷ പ്രവർത്തനങ്ങൾ ലഘൂകരിക്കുവാനും വേണ്ടി മുന്നിട്ടിറങ്ങിയ ഏഴ് പേരിൽ ഒരാളാണ് വിശുദ്ധ എസ്തപ്പാനോസ്. ക്രിസ്തുവിന്റെ ആദ്യ സാക്ഷി എന്ന നിലയിൽ അദ്ദേഹം തന്റെ ശത്രുക്കളെ ധൈര്യപൂർവ്വം നേരിടുകയും ക്രിസ്തുവിന്റെ വാഗ്ദാനം നിറവേറപ്പെടുകയും ചെയ്തു. "എസ്തപ്പാനോസുമായുള്ള തർക്കത്തിൽ അദ്ദേഹത്തിന്റെ ബുദ്ധിയേയും, ജ്ഞാനത്തേയും, അദേഹത്തിന്റെ വാക്കുകളിലെ ആത്മാവിനെയും പ്രതിരോധിക്കുവാൻ അവർക്ക് കഴിഞ്ഞില്ല."*

*സ്വന്തം ജീവൻ തന്നെ ത്യജിക്കുവാൻ തയ്യാറാകും വിധം, ക്രിസ്തുവിനെപ്പോലെ തന്നെ തന്റെ കൊലയാളികൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ക്രിസ്തുവിനെഅനുകരിച്ചവൻ, എന്നാണ് ആദ്യ രക്തസാക്ഷിയായ വിശുദ്ധ എസ്തപ്പാനോസിനെക്കുറിച്ച് ആരാധനക്രമത്തിൽ പരാമർശിച്ചിരിക്കുന്നത്. ക്രിസ്തുമസ്സിനു ശേഷം വരുന്ന ദിവസം വിശുദ്ധന്റെ നാമഹേതു തിരുനാളായി അംഗീകരിച്ചതിലൂടെ തിരുസഭ ഈ ശിക്ഷ്യനും ഗുരുവും തമ്മിലുള്ള സാദൃശ്യത്തെ എടുത്ത് കാണിക്കുകയും വീണ്ടെടുപ്പിന്റെ മിശിഹായായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.*




# ബൈബിളിലൂടെ

ഡേവി

അപ്പോൾ ഞാനാണ് ശരി, ഞങ്ങളാണ് ശരി, ഞങ്ങൾ മാത്ര മാണ് ശരി എന്ന ചിന്തയ്ക്ക് എന്തു പ്രസക്തിയാണ് ഉള്ളത്. വികല മായ ഈ ചിന്തകളാണ് മത, രാഷ്ട്രീയ തീവ്രവാദങ്ങളിലേക്ക് നമ്മെ നയിക്കുന്നത്.

യേശുവിന്റെ പരസ്യജീവിതം നിരീക്ഷിച്ചാൽ നമുക്ക് ഇക്കാര്യം വ്യക്തമാകും. തന്നെ സമീപിച്ചിരുന്ന അന്യജാതിക്കാരായ വ്യക്തികളോട് യേശു ഒരു പക്ഷഭേദവും കാണിച്ചില്ല. എല്ലാ വിഭാഗ ത്തിലുംപെട്ട ജനങ്ങളോട് വളരെ സൗഹാർദ്ദപരമായാണ് യേശു ഇട പഴകിയിരുന്നത്. നല്ല സമരിയാക്കാരന്റെ ഉപമതന്നെ അതിനുദാഹര ണമാണ്. വളരെ ചെറിയ ഒരു ശതമാനം ആളുകൾ മാത്രമേ തങ്ങ ളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലും ബോധ്യത്തിലും യേശുവിലേക്ക് വരുന്നുള്ളു. മറ്റുള്ളവരെയെല്ലാം ഇപ്പോൾ തങ്ങൾ ജനിച്ചുവളർന്ന സാഹചര്യങ്ങൾക്കനുസരിച്ചുള്ള വിശ്വാസത്തി ലാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഏതു മതത്തിൽ വിശ്വസിക്കുക എന്നതിലല്ല കാര്യം, എങ്ങനെ ജീവിക്കുന്നു എന്നതിലാണ് കാര്യം. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ യേശു വെളിപ്പെടുത്തുന്നതും അതുതന്നെ. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമല്ല നാം പ്രാധാന്യം കൊടുക്കേണ്ടത്. മറിച്ച് നമുക്ക് ചെയ്യാൻ സാധിക്കുന്ന സഹായങ്ങൾ അത് അർഹിക്കുന്നവർക്ക് മടികൂടാതെ നൽകുക. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ യേശു വെളിപ്പെടുത്തുന്നതും അതുതന്നെ.

മൂന്നാമത്തെ പരീക്ഷണത്തിലൂടെ സാത്താൻ ആവശ്യപ്പെടു ന്നത് യേശു തന്റെ ദൈവത്വം സാത്താന്റെ മുമ്പിൽ അടിയറവു വെയ്ക്കാനാണ്. സാത്താൻ യേശുവിനെ ഉയർന്ന മലമുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ എല്ലാ രാജ്യങ്ങളും അതിന്റെ മഹത്വവും യേശുവിനെ കാണിച്ചുകൊണ്ട് നീ എന്നെ കുമ്പിട്ടാരാധി ച്ചാൽ ഞാൻ ഇതൊക്കെ നിനക്ക് വിട്ടുതരാം എന്നാണ് വെളിപ്പെടു ത്തുന്നത്. വാസ്തവത്തിൽ ഇവിടെ സാത്താൻ യേശുവിന് വെളിപ്പെ ടുത്തികൊടുക്കുന്നത് ഒരുപക്ഷേ മനുഷ്യന്റെ പാപാവസ്ഥയായിരി ക്കണം. ഈ ജനതയെല്ലാം എന്റെ ആജ്ഞാനുവർത്തികളും അടിമ കളും ആണെന്നും അവരെ എന്റെ സ്വാധീനത്തിൽ നിന്ന് മോചിപ്പി ക്കാനാണല്ലോ നീ വന്നിരിക്കുന്നത്? അതിന് നീ കുരിശുമരണ മൊന്നും വരിക്കേണ്ടതില്ല, എന്നെ ഒന്നു കുമ്പിട്ടാരാധിച്ചാൽ മതി, ഞാൻ അവരെ നിനക്കു വിട്ടുതരാം എന്നായിരിക്കണം ഉദ്ദേശിച്ചിട്ടു

ണ്ടാകുക. അല്ലാതെ ഈ ലോകത്തിന്റെ പ്രതാപവും ഐശ്വര്യവും ആയിരിക്കയില്ല സാത്താൻ ഉദ്ദേശിച്ചിട്ടുണ്ടാകുക. പ്രപഞ്ചം മുഴുവന്റേയും സൃഷ്ടാവായ ദൈവം മനുഷ്യനായി അവതരിച്ചത് ഈ ലോകത്തിലെ സമ്പത്തും പ്രതാപവും സ്വന്തമാക്കാനല്ല പുൽക്കൂട്ടിൽ മനുഷ്യനായി പിറന്നത്; മറിച്ച് തന്റെ സൃഷ്ടിയായ മനുഷ്യനെ സാത്താന്റെ ബന്ധനത്തിൽ നിന്നും അടിമത്തത്തിൽ നിന്നും മോചിപ്പിക്കാനാണ്. നാല്പതു ദിവസത്തെ കഠിനമായ ഉപവാസത്തിനും തുടർന്ന് സാത്താന്റെ കുതന്ത്രങ്ങളേയും അതിജീവിച്ചതിനുശേഷം യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നു. തന്റെ കുരിശുമരണത്തിന് മുന്നോടിയായിട്ടുള്ള തയ്യാറെടുപ്പിൽ തന്റെ മാനുഷികമായ ബലഹീനതകളെ മറികടക്കാനുള്ള ഒരുക്കമായിട്ടുവേണം യേശുവിന്റെ ഈ ഉപവാസത്തെ കണക്കാക്കാൻ.

*(അവസാനിച്ചു.)*

## ഞങ്ങൾ ഒന്നായ്



- ഈ ഇടവക സെന്റ് ജോസഫ് കുടുംബകൂട്ടായ്മ
  ചുങ്കത്ത് പേൾജു + സീമ മകൾ **ആൻട്രീസ**
  പുത്തനങ്ങാടി സെന്റ് ജോർജ്ജ് ഇടവക
  വടക്കേകളം ജോസഫ് + ലിസ മകൻ **ജോൺ ജോസഫ്**

- ഈ ഇടവക സെന്റ് ആന്റണി കുടുംബകൂട്ടായ്മ
  ചുങ്കത്ത് ജോൺസൺ + ജെന്നി മകൾ **ജെസ്ന**
  ഈ ഇടവക
  തേനക്കുടം സണ്ണി + തബിത മകൻ **ആൽഫ്രഡ്**

- ഈ ഇടവക സെന്റ് തോമസ് കുടുംബകൂട്ടായ്മ
  ഇടപ്പുള്ളി പ്രിൻസ് + സാലി മകൻ **പ്രിനിൽ**
  പേരകം ഇടവക
  തരകൻ ലോറൻസ് + ഷെന്നി മകൾ **ഫിയോന**

- ഈ ഇടവക സെന്റ് തോമസ് കുടുംബകൂട്ടായ്മ
  വലിയവീട്ടിൽ വിൽസൺ + അൽഫോൺസ മകൾ **വിസ്മയ**
  പെരിങ്ങോട്ടുകര ഇടവക
  അരിമ്പൂര് വടക്കൻ തോമസ് + ഷാലി മകൻ **അതുൽ**

- ഈ ഇടവക മേരിമാത കുടുംബകൂട്ടായ്മ
  ചൊവ്വല്ലൂർ ജോസഫ് + വത്സമ്മ മകൻ **ജെസ്‌വിൻ ജോസഫ്**
  കാഞ്ഞിരപ്പിള്ളി രൂപത നെയ്യാട്ടുശ്ശേരി ഇടവക
  മഠപ്പള്ളി മറ്റം മാത്യു + മേരിക്കുട്ടി മകൾ **മേബിൾ**

# സംഘടനാ വാർത്തകൾ

**തിരുബാലസഖ്യം**

* ജനുവരി 1ന് വർഷാരംഭ പ്രാർത്ഥന, കാഴ്ചസമർപ്പണത്തോടെ പുഷ്പാർച്ചന, ഉണ്ണീശോയുടെ തിരുനാൾ കുർബാന, കാരുണ്യ സമർപ്പണം എന്നിവയ്ക്ക് നേതൃത്വം നൽകി.
* ഇടവക തിരുനാളിൽ നേർച്ച പന്തലിൽ നേർച്ച വിതരണം ചെയ്തു.
* ഇടവക തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണാതിർത്തിയെ കൊടികയറ്റിന് നേതൃത്വം നൽകി.
* ജനുവരി 20ന് വി. സെബസ്ത്യാനോസിന്റെ തിരുനാൾ ദിനത്തിൽ പൊൻപൂവ് സമർപ്പണം നടത്തി ക്ലാസ്സടിസ്ഥാനത്തിൽ നിറംകൊടുക്കാൻ നൽകിയ വി. സെബസ്ത്യാനോസിന്റെ ചിത്രമാണ് സമർപ്പിച്ചത്. മികച്ച ചിത്രത്തിന് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
* തൃശൂർ അതിരൂപത 2025 ബെസ്റ്റ് മോഡൽ യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ടു. ജനുവരി 18ന് ഡിബിസിഎൽസി പോയി ആദരം ഏറ്റുവാങ്ങി.

**റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി**

* ജനുവരി 1ന് വർഷാരംഭ പ്രാർത്ഥന, കാഴ്ചസമർപ്പണത്തോടെ പുഷ്പാർച്ചന, ഉണ്ണീശോയുടെ തിരുനാൾ കുർബാന, കാരുണ്യ സമർപ്പണം, നേർച്ചവിതരണം എന്നിവയ്ക്ക് നേതൃത്വം നൽകി. പുതുപുലരിയെ വരവേൽക്കാനായി പ്രധാന കവാടത്തിങ്കൽ തിരിതെളിയിക്കാനും സമാധാനത്തിന്റെ അടയാളമായി പ്രാവിനെ പറത്താനുള്ള സജ്ജീകരണങ്ങൾ ചെയ്തു.
* ഇടവക തിരുനാളിനോടനുബന്ധിച്ച് ദൈവാലയം മനോഹരമായി അലങ്കരിച്ചു.

**അൾത്താര സംഘം**

* ജനുവരി 25ന് സ്നേഹദൂത് പത്രപ്രകാശനം നടത്തുകയും മികച്ച അൾത്താര ബാലൻ 2025 പ്രഖ്യാപിക്കുകയും ചെയ്തു.
* ജനുവരി 3ന് പട്ടിക്കാടുള്ള സ്നേഹാലയം റിഹാബിലിറ്റേഷൻ സെന്ററിലേക്ക് ആവശ്യമായ പേനകൾ തിരുനാൾ കാരുണ്യസമർപ്പണത്തിന്റെ ഭാഗമായി സമർപ്പിച്ച് തിരുനാൾ കാരുണ്യ സമർപ്പണത്തിൽ പങ്കാളിയായി

**മാതൃവേദി**

* സംഘടനയുടെ നേതൃത്വത്തിൽ ജനുവരി 25ന് നവവൈദിക രുടെ സ്വീകരണത്തോടനുബന്ധിച്ച് ഫുഡ്ഫെസ്റ്റ് ഒരുക്കി.

**ജൂനിയർ സിഎൽസി**

* തൃശൂർ അതിരൂപതയിൽ 2025 ബെസ്റ്റ് യൂണിറ്റായി തെരഞ്ഞെടു ക്കപ്പെട്ടു. ജനുവരി 18ന് ഡിബിസിഎൽസിയിൽ ചെന്ന് ആദരം ഏറ്റുവാങ്ങി.

**കെ.എൽ.എം.**

* സംഘടനയുടെ നേതൃത്വത്തിൽ ഇടവക തിരുനാളിനോടനുബ ന്ധിച്ച് കുഴലപ്പം, അച്ചപ്പം വിൽപ്പന നടത്തി.
* ജനുവരി 11, തിരുനാൾ ദിനത്തിൽ തിരുനാൾ പ്രദക്ഷിണത്തിന് രൂപക്കൂട്ട് വഹിക്കുന്നതിൽ നേതൃത്വം നൽകി.
* തിരുനാൾ കാരുണ്യനിധിയോടനുബന്ധിച്ച് കാരുണ്യ സമർപ്പണ മായി ആതുരാലയത്തിലേക്ക് ടോയ്‌ലറ്റ് ആർട്ടിക്കിൾസ് നൽകി.

**അൾത്താരസംഘം**

* ഇടവക തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണാതിർത്തിയിലെ കൊടിക്കയറ്റിന് നേതൃത്വം നൽകി.
* ഇടവക തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം സ്റ്റാൾ വിൽപ്പന നടത്തുകയും ഫാമിലി പാക്ക് ഐസ്ക്രീം വീടുകളിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തു.
* തൃശൂർ അതിരൂപത 2025 ബെസ്റ്റ് മോഡൽ യൂണിറ്റ് ആയി തെര ഞ്ഞെടുക്കപ്പെട്ടു. ജനുവരി 18ന് ഡിബിസിഎൽസിയിൽ ചെന്ന് ആദരം ഏറ്റുവാങ്ങി.

**കത്തോലിക്കാ കോൺഗ്രസ്സ്**

* ഇടവക തിരുനാളിനോടനുബന്ധിച്ച് 2025 വർഷം നമ്മുടെ ഇടവ കയിൽ നിന്നും മരിച്ചുപോയവരുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി പ്രാർത്ഥിച്ചു.

**പ്രാർത്ഥനാഗ്രൂപ്പ്**

* ഒൻപതാം വെള്ളിയാചരണത്തിന്റെ ഭാഗമായി ജനുവരി 16ന് ഒൻപത് മണിക്കൂർ ആരാധനയ്ക്കും അഖണ്ഡജപമാലയ്ക്കും തുടർന്നുള്ള ആരാധനയ്ക്കും നേതൃത്വം നൽകി.

**കെ.സി.വൈ.എം.**

* സംഘടനയുടെ നേതൃത്വത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് ജനുവരി 20ന് തിരുനാൾ കുർബാ നയ്ക്കും വി. സെബസ്ത്യാനോസ് നാമധാരികൾക്ക് ആദരണീ യത്തിനും നേതൃത്വം നൽകി.

**യൂത്ത് സി.എൽ.സി.**

* ജനുവരി 2 മുതൽ തിരുനാൾ എട്ടാമിടം വരെയുള്ള ദിവസങ്ങളിൽ വൈകീട്ട് 5.30ന് നവനാൾ കുർബാനയിൽ ബൈബിൾ പ്രകാശനം ചെയ്തു.
* ഇടവക തിരുനാളിനോടനുബന്ധിച്ച് ദൈവാലയാങ്കണം അലങ്കരിക്കുന്നതിന് നേതൃത്വം നൽകി.
* ജനുവരി 9ന് തിരുനാൾ കാരുണ്യകോർണർ ഉദ്ഘാടനം ചെയ്തു. കാരുണ്യസമർപ്പണത്തിനായി ഇടവക ജനങ്ങളിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് സെന്റ് ജോസഫ് ചാരിറ്റബിൾ സൊസൈറ്റിയിലേക്ക് നൽകി സഹായിച്ചു.
* തിരുനാൾ കാരുണ്യത്തിന്റെ ഭാഗമായി ഹെയർ ഡൊണേഷന് നേതൃത്വം നൽകികൊണ്ട് അമല ആശുപത്രിയിലേക്ക് കൈമാറി.

**സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും**

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ.എൽ.എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി.എൽ.സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി.എൽ.സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ.സി.വൈ.എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |



*ജൂനിയർ സി.എൽ.സി. പംക്തി*

## പ്രാർത്ഥനയുടെ മാതാവായ പരിശുദ്ധ കന്യക മറിയം

**ഏബിൾ റോസ് സി.എസ്.**

പരിശുദ്ധ കന്യക  മറിയം പ്രാർത്ഥനയുടെ മഹത്തായ മാതൃകയാണ്. അവളുടെ ജീവിതം മുഴുവൻ ദൈവത്തോടുള്ള ആഴത്തിലുള്ള ബന്ധം പ്രകടമാക്കുന്നതായിരുന്നു. ദൈവദൂതൻ ഗബ്രിയേൽ സന്ദേശം നൽകിയപ്പോൾ മറിയം പ്രാർത്ഥനയോടെ അത് സ്വീകരിച്ചു. ദൈവഹിതത്തിന് അവൾ വിനയത്തോടെ "അതെ" എന്നു പറഞ്ഞു. യേശുവിനെതന്റെ ഹൃദയത്തിൽ ധരിച്ച നിമിഷം മുതൽ മറിയത്തിന്റെ ജീവിതം പ്രാർത്ഥനയായി മാറി. ബെത്‌ലഹേമിലെ ലളിതമായ ജീവിതം അവളുടെ പ്രാർത്ഥനാഭാവം കാണിക്കുന്നു. കുടുംബജീവിതത്തിൽ അവൾ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു. കനായിലെ കല്യാണത്തിൽ മറ്റുള്ളവരുടെ ആവശ്യങ്ങൾ അവൾ പ്രാർത്ഥനയിലൂടെ യേശുവിന് മുന്നിൽ സമർപ്പിച്ചു. യേശുവിന്റെ പൊതുജീവിതകാലത്ത് മറിയം എല്ലാം ദൈവത്തിന്റെ കൈകളിൽ ഏല്പിച്ചു. കുരിശിന്റെ ചുവട്ടിൽ നിൽക്കുമ്പോഴും അവൾ ദൈവത്തെ കുറ്റപ്പെടുത്താതെ പ്രാർത്ഥിച്ചു. ദുഃഖത്തിനിടയിലും അവളുടെ വിശ്വാസം അചഞ്ചലമായിരുന്നു. പുനരുത്ഥാനത്തിന് ശേഷം മറിയം ശിഷ്യന്മാരോടൊപ്പം പ്രാർത്ഥനയിൽ ഏർപ്പെട്ടു. ആദിമസഭയിൽ അവൾ പ്രാർത്ഥനയുടെ കേന്ദ്രമായിരുന്നു. ഇന്നും മറിയം വിശ്വാസികൾക്കായി ദൈവത്തോട് ഇടപെടുന്ന മാതാവാണ്. അതുകൊണ്ടാണ് പരിശുദ്ധ കന്യക  മറിയത്തെ നാം പ്രാർത്ഥനയുടെ മാതാവെന്ന് ആദരിക്കുന്നത്.

## ഇടവകയിലേയ്ക്ക് സ്വാഗതം

**നമ്മുടെ ഇടവകയിൽ ചേർന്ന്**
**സെന്റ് തോമസ് കുടുംബ കൂട്ടായ്മയിൽ അംഗമായ**
**പുലോക്കാരൻ ശ്രീജി ജോണിനും കുടുംബത്തിനും**
**ഇടവകയിലേക്ക് സ്വാഗതം**




**Vismaya V. Wilson**
D/o. Mrs. Alphonsa Wilson & Wilson V.J. (Late)
Valiyaveettil House
Lower Bazaar, Chiralayam, Kunnamkulam

**Athul Thomas**
S/o. Mrs. Shally Thomas & Mr. Thomas AVR
Arimboor Vadakkan House
Peringottukara

*Sharing the happiness : Vijohn & Vijin*

# Congratulations




**J.C.L.C. ARCHDHICESAN (BEST MODEL UNIT)**



**H.C ARCHDHICESAN (MODEL UNIT)**




**A.B.A. ARCHDHICESAN (MODEL UNIT)**




**ARCHDHICESAN J.C.L.C. (ANIMATOR : Sr. REJI THERESA)**


ലക്ഷ്യ
ഗോൾഡ് സേവിംഗ്സ് സ്കീം
11 മാസം തവണ
3% പണിക്കൂലി കുറവോടെ...
എല്ലാമാസവും നറുക്കെടുപ്പിലൂടെ 3 പേർക്ക് 10000 രൂപ വിലയുള്ള സ്വർണ്ണനാണയം.
SINCE 1949
THARAKANS
ROYAL
JEWELLERY
TM
Near Veterinary Hospital, Pattambi Road
Kunnamkulam. - 680503. Tel: 9207 211078
www.tharakansroyaljewellery.com
കൂടുതൽ വിവരങ്ങൾക്ക്
Call: +91 9544 499 744

പാവനസ്മരണയ്ക്ക്

**15-ാം ചരമവാർഷികം**

22-02-2026





## വലിയവീട്ടിൽ ദേവസി

# തോമ

സ്നേഹസ്മരണകളോടെ...

| <u>മക്കൾ</u> | <u>മരുമക്കൾ</u> |
|---|---|
| ഗ്രേസി | പോളി |
| ഉഷ | രാജൻ (Late) |
| ബാബു | ജാൻസി |
| വർഗ്ഗീസ് | ബേബി |
| ജോയ് | റീത്ത |
| സണ്ണി | ഷീജ |



പാവനസ്മരണയ്ക്ക്

**20-ാം ചരമവാർഷികം**

18-02-2026

## ചുങ്കത്ത് പറിഞ്ചു

# ഔസേപ്പ്

## കക്കാട്

സ്നേഹസ്മരണകളോടെ

സി.ഒ. ബാബു & ഫാമിലി



# ഇടവക ആൽബം

ഉണ്ണീശോയുടെ തിരുനാൾ & പുതുവർഷപുലരി



പിണ്ടികുത്തി തിരുനാൾ



തിരുനാൾ കാരുണ്യ ഊട്ട്



ജീസസ് ബെർത്തഡേ പാർട്ടി



സ്നേഹസാന്ത്വന സ്പർശം



# ഇടവക ആൽബം

17 ആതുരാലയങ്ങളിലേക്ക് തിരുനാൾ കാരുണ്യ സമർപ്പണം



# ഇടവക ആൽബം

ഇടവക തിരുനാൾ മഹോത്സവം 2026



# ഇടവക ആൽബം

## ഇടവകദിനം കുടുംബകൂട്ടായ്മകളുടെ സംയുക്ത വാർഷികം & ജൂബിലി വർഷ സമാപനം



## നവവൈദികർക്ക് സ്വീകരണം



ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : .............................. ഫോൺ നമ്പർ :..............................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Angel C. Binny, Class : III, St. St. Antony Kudumbakoottayma

*വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്

## മിഴിവിളക്ക്

# കാവൽ മാലാഖ

### 15. ഹാരിയേൽ : "സ്രഷ്ടാവായ ദൈവം"
### (ജൂൺ 1–5 കാലയളവിൽ ജനിച്ചവർക്ക്)

തന്റെ സംരക്ഷണത്തിലുള്ളവരുടെ ആന്തരിക ശക്തി അനുസരിച്ചാവും ഇദ്ദേഹം പ്രവർത്തിക്കുക. അവരുടെ ബുദ്ധിശക്തിയെ ഈ ദൂതൻ സത്യത്തിലേക്കും ശാസ്ത്രത്തിലേക്കും ആത്മീയതയിലേക്കും നയിക്കുന്നു. അത് അനായാസം നടക്കാൻ ഈ വ്യക്തികൾ വിമർശനം നടത്തുന്നതിൽ നിന്നും പരിഹാസത്തിൽ നിന്നും മാറി നിൽക്കണം. ഇവർ എഴുതുന്നതെല്ലാം ഊഷ്മളവും പ്രചോദനവുമായിത്തീരും. ശുദ്ധതയുടേയും സത്യത്തിന്റേയും സാക്ഷ്യങ്ങളാകും. അവ ബുദ്ധി പ്രകാശിക്കാനും സംസ്കാരം പ്രാപിക്കാനും ഹാരിയേൽ ദൂതൻ ഇടവരുത്തും. അതുവഴി വിജയത്തിലേക്കും ധാർമ്മിക വളർച്ചയിലേക്കുമുള്ള വഴി തുറക്കുകയും ചെയ്യും.

പ്രാർത്ഥന : നാഥാ, എന്റെ മോഹങ്ങളെ ശുദ്ധീകരിച്ചാലും! അതുവഴി എന്റെ അധരങ്ങൾ അങ്ങയുടെ ആനന്ദപ്രദങ്ങളും ഉപയോഗ്യവുമായ വാക്കുകൾ മാത്രം ഉച്ചരിക്കട്ടെ. എന്റെ ജീവിതത്തിലെ അനിവാര്യമായ അനുഭവങ്ങളെ നേരിടാൻ ശക്തി തന്നാലും. ഞാൻ ചെയ്തുപോലെ തെറ്റുകളെ പരിഹരിക്കാനും കഴിവേകണേ. എന്റെ ഹൃദയം മനസ്സുമായി അനുരഞ്ജനപ്പെടും വിധം അങ്ങയുടെ ജ്ഞാനപ്രകാശം എന്നിൽ തൂകിയാലും. എന്റെ സത്യം നിത്യസത്യവുമായി ഒന്നുചേരുമാറാകട്ടെ. എന്റെ വിശ്വാസവും പ്രവൃത്തികളും പത്തുകല്പനകളിൽ നിന്നും വ്യതിചലിക്കാതിരിക്കട്ടെ. അവിശ്വാസികളും ബഹുദൈവാരാധകരും അവിടുത്തെ സ്നേഹം തിരിച്ചറിയാൻ എന്നെയൊരു നിമിത്തമാക്കണമേ.

ഉപദേശം : അമൂല്യമായൊരു അവകാശത്തിന്റെ വാഹകനാണു നീ. ഹൃദയത്തിന്റെ വിചാരങ്ങളെ മനസ്സിന്റെ യുക്തിയുമായി സംയോജിപ്പിക്കുന്നവൻ. അനുഭൂതികളേയും യുക്തികളേയും കുറിച്ചുള്ള സത്യങ്ങൾ നിന്റെ വാക്കുകളിൽ പ്രകടിപ്പിക്കട്ടെ.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................................ ക്ലാസ്സ് : .....................

കുടുംബകൂട്ടായ്മ: ........................................ ഫോൺ നമ്പർ :.................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**എൽദോ കെ.യു.**

Std :III, St. Joseph Kudumbakoottayma

*"ചെറിയൊരു കൈയബദ്ധം പറ്റിയതാ.*
*ബ്രേക്കിന് പകരം അക്സിലറേറ്ററിൽ ഒന്ന് ചവിട്ടിപോയി"*


**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## ഫെബ്രുവരി 2026 FEBRUARY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **01**<br>ലേവ്യ 4:13–21<br>ദാനി 9:1–9<br>കൊളോ 1:12–19<br>മർക്കോ 2:1–12 | **02**<br>കൊളോ 2:16–19<br>മത്താ 12:1–8 | **03**<br>ശ്ലീഹ 5:12–20<br>മത്താ 12:9–14 | **04**<br>ഗലാ 3:7–14<br>യോഹ 5:1–18<br>1 കോറി 9:19–23<br>യോഹ 15:18–25 | **05**<br>റോമാ 2:25–29<br>മത്താ 12:15–21 | **06**<br>1 രാജാ 4:29–34<br>ജ്ഞാനം 7:22–30<br>1 കോറി 1:18–29<br>യോഹ 12:20–26 | **07**<br>റോമാ 13:8–14<br>ലൂക്കാ 10:25–37 |
| **08**<br>പുറ 20:1–17<br>എസെ 11:14–21<br>കൊളോ 3:5–14<br>മത്താ 5:17–26 | **09**<br>കൊളോ 2:16–19<br>മത്താ 12:1–8 | **10**<br>ശ്ലീഹ 5:12–20<br>മത്താ 12:9–14 | **11**<br>ഗലാ 3:7–14<br>യോഹ 5:1–18 | **12**<br>റോമാ 2:25–29<br>മത്താ 12:15–21 | **13**<br>നിയ 30:15–20<br>സുഭാ 15:19–25<br>വെളി 20:11–15<br>യോഹ 5:19–29 | **14**<br>വെളി 7:11–17<br>യോഹ 7:32–39 |
| **15**<br>പുറ 24:12–18<br>പ്രഭാ 2:1–11<br>ഹെബ്രാ 2:10–18<br>ലൂക്കാ 4:1–13 | **16**<br>ഉത്പ 3:1–13<br>ജ്ഞാനം 12:16–20<br>റോമാ 12:1–8<br>മത്താ 21:28–32 | **17**<br>1 രാജാ 8:41–50<br>നെഹെ 8:17–9:3<br>ശ്ലീഹ 8:14–25<br>മർക്കോ 21:28–32 | **18**<br>മലാ 2:1–9<br>ശ്ലീഹ 5:1–11<br>യാക്കോ 4:1–10<br>മത്താ 18:1–10 | **19**<br>1 മക്ക 2:49–61<br>ജോബ് 23:8–14<br>1 തെസ 2:17–35<br>ലൂക്കാ 22:24–30 | **20**<br>പ്രഭാ 44:19–23<br>ജെറെ 17:5–10<br>യാക്കോ 1:12–18<br>ലൂക്കാ 22:24–30 | **21**<br>2 കോറി 2:5–11,<br>ലൂക്കാ 15:11–24 |
| **22**<br>ഉല്പ 13:1–13<br>പ്രഭാ 31:1–11<br>1 തിമോ 6:3–10<br>ലൂക്കാ 19:1–10 | **23**<br>യാക്കോ 2:1–9<br>ലൂക്കാ 16:19–31 | **24**<br>യാക്കോ 5:1–6<br>ലൂക്കാ 18:18–30 | **25**<br>1 തിമോ 6:17–21<br>ലൂക്കാ 12:13–21 | **26**<br>റോമാ 8:1–6<br>മത്താ 6:19–24 | **27**<br>നിയ 8:11–18<br>പ്രഭാ 29:1–2, 10–13<br>യാക്കോ 1:9–11,4:13–16<br>ലൂക്കാ 14:7–14 | **28**<br>ഫിലി 3:4–11<br>ലൂക്കാ 5:1–11 |
| **01**<br>1 ദിന 15:7–15<br>തോബി 12:6–15<br>2 കോറി 8:9–15<br>മത്താ 6:1–8, 16–18 | | | | | | |


WEDDED ON
17-01-2026
Jesvin
S/o. Mr. C.V. Joseph
& Mrs. Valsa Joseph
Chowalloor House
Kunnamkulam P.O., Thrissur
Mable
D/o. Mr. Mathaichen Mathew
& Mrs. Marykutty Mathew
Madappallimattom House
Elampally P.O., Kottayam




Published by : Chief Editor, Touchme, Kunnamkulam - for Private Circulation only    Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM